പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2175** 17-2-2016 ൽ മറുപടിക്ക്

## ചേർത്തല ഓട്ടോകാസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.ടി.എം.തോമസ് ഐസക്**<br>**ശ്രീ.എ.എം.ആരിഫ്**<br>**ശ്രീ.ജി.സുധാകരൻ**<br>**ശ്രീ. സി.കെ.സദാശിവൻ** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല ഓട്ടോകാസ്റ്റിനെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് സർക്കാർ ഭാഗത്തുനിന്നും ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) ഇല്ല<br><br>ഓട്ടോകാസ്റ്റ് ദീർഘകാലമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കമ്പനിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി സംരക്ഷിക്കുന്നതിന് വിവിധ തലത്തിലുള്ള ഇടപെടലുകൾ നടത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻെറ ഭാഗമായി സ്റ്റീൽ കാസ്റ്റിംഗ് ലൈൻ പദ്ധതി പൂർത്തിയാക്കുന്നതിനും പ്രവർത്തന മൂലധനത്തിൻെറ അഭാവം പരിഹരിക്കുന്നതിനുമായി ഈ സർക്കാർ ഇതുവരെ 1875 ലക്ഷം രൂപയുടെ ധനസഹായം ഓട്ടോകാസ്റ്റിന് നൽകിയിട്ടുണ്ട്. |
| (ബി) ഓട്ടോകാസ്റ്റിന്റെ പ്രതിസന്ധിക്ക് കാരണമെന്തെന്നും പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും ഈ മേഖലയിലുള്ളവരുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) അനാരോഗ്യകരമായ ഇറക്കുമതി മൂലം വിപണിയിൽ നിന്ന് നേരിടുന്ന കടുത്ത മത്സരം ആവശ്യമായ ഓർഡറുകൾ നേടിയെടുക്കുന്നതിൽ കമ്പനിയ്ക്ക് പ്രതിബന്ധമായിട്ടുണ്ട്.<br><br>കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് 2013 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്ത്യൻ ഫൗണ്ടറി മെൻ കേരളാ ചാപ്റ്ററിൻെറ ഒരു റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് കൂടി പരിഗണിച്ചാണ് കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ